# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട**
**ചോദ്യം നമ്പർ : 49** **05.06.2018- ൽ മറുപടിക്ക്**

## സഹകരണ കോൺഗ്രസ്സിൽ എടുത്ത തീരുമാനങ്ങൾ

**ചോദ്യം**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. റോഷി അഗസ്റ്റിൻ**
**ശ്രീ. പി.ജെ. ജോസഫ്**
**ഡോ.എൻ.ജയരാജ്**

**മറുപടി**
**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) കണ്ണൂരിൽ വച്ച് നടന്ന എട്ടാമത് സഹകരണ കോൺഗ്രസ്സിൽ എടുത്ത സുപ്രധാന തീരുമാനങ്ങൾ എന്തെല്ലാമാണ്;

(എ) ദക്ഷിണേന്ത്യയിലെ സഹകരണ മന്ത്രിമാരിൽ തമിഴ് നാട്, പുതുച്ചേരി മന്ത്രിമാർ അടക്കം പങ്കെടുത്ത 2018ലെ കണ്ണൂരിൽ വച്ച് നടന്ന എട്ടാമത് സഹകരണ കോൺഗ്രസ്സിൽ സഹകരണ നയത്തിന്റെ കരട് ചർച്ച ചെയ്ത് താഴെപ്പറയുന്ന സുപ്രധാന തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നു. എന്നാൽ സഹകരണ നയം അന്തിമമായി തീരുമാനിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല:-

1. സഹകരണ നയത്തിന്റെ കരട് അംഗീകരിച്ചു.

2. സഹകരണ മേഖലയെ അഴിമതി വിമുക്തമാക്കുന്നതിന് സഹകാരികൾ പ്രതിജ്ഞ എടുത്തു.

3. നിലവിൽ 5 വർഷം കൂടുമ്പോൾ നടത്തി വരുന്ന സഹകരണ കോൺഗ്രസ്സ് 3 വർഷം കൂടുമ്പോൾ നടത്തുന്നതിന് തീരുമാനിച്ചു.

4. ഭിന്നലിംഗ വിഭാഗത്തിന് പ്രത്യേക സഹകരണ സംഘം രൂപീകരിക്കുന്നതിന് തീരുമാനിച്ചു.

5. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായുള്ള സംവിധാനമായി സഹകരണ സ്ഥാപനങ്ങളെ അംഗീകരിക്കുക.

6. സമ്പദ്ഘടനയുടെ സമസ്ത മേഖലകളിലും കരുത്തുറ്റതും ഊർജ്ജസ്വലവുമായ സഹകരണ പ്രസ്ഥാനം പടുത്തുയർത്തുവാൻ ശ്രമിക്കുക.

7. സാങ്കേതിക വിദ്യ, പ്രൊഫഷണലിസം, ബാങ്കിംഗ് പ്രവർത്തനങ്ങളുടെ വിപുലീകരണം,

വൈവിധ്യവൽക്കരണം എന്നിവ കാര്യക്ഷമമായി നടപ്പിലാക്കിക്കൊണ്ട് സഹകരണ സ്ഥാപനങ്ങളുടെ ഭരണനിർവ്വഹണം സുതാര്യവും കാര്യക്ഷമവുമാക്കുക.

8. സഹകരണ സ്ഥാപനങ്ങളിലൂടെ സ്ത്രീ ശാക്തീകരണത്തിനും തൊഴിൽ ശക്തിയിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും വേണ്ടി പരിശ്രമിക്കുക.

9. യുവതലമുറയെ അവരുടെ ആവശ്യ നിർവ്വഹണത്തിനായി സഹകരണ സ്ഥാപനങ്ങളിലേയ്ക്ക് ആകർഷിക്കുക. ഒരു സംരംഭം എന്ന നിലയിൽ സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് പിന്നിലെ ആശയങ്ങൾക്കും മൂല്യങ്ങൾക്കും യുവതലമുറയിൽ സ്വീകാര്യത ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുക.

10. 'സഹകരണം' പാഠ്യപദ്ധതിയിലെ ഒരു വിഷയമാക്കിക്കൊണ്ടും സഹകരണ വിദ്യാഭ്യാസവും ഗവേഷണവും കോളേജ് /സർവ്വകലാശാലാ തലങ്ങളിൽ പ്രോത്സാഹിപ്പിച്ചുകൊണ്ടും വിദ്യാർത്ഥികളുടെ മനസ്സിലേയ്ക്ക് സഹകരണ പ്രസ്ഥാനത്തിന്റെ ആശയവും വികാരവും പകർന്ന് നൽകുക.

11. സഹകരണ മേഖലയിൽ നൂതന ആശയങ്ങളും സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുക.

12. കാർഷിക/കാർഷികാനുബന്ധ വായ്പ ഇപ്പോഴത്തെ 10% എന്നതിൽ നിന്നും അടുത്ത 2 വർഷത്തിനുള്ളിൽ 25% വും തുടർന്ന് ഘട്ടംഘട്ടമായുള്ള വർദ്ധനവിലൂടെ 50% വും ആക്കുക.

13. കൂടാതെ സഹകരണ ബാങ്കുകളിൽ പണയം വച്ചിട്ടുള്ള സ്വർണ്ണപ്പണയ പണ്ടങ്ങളുടെ പരിശോധന നടത്തുക, വനിതാ സഹകരണ സംഘങ്ങളുടെ വൈവിധ്യവൽക്കരണവും തൊഴിൽ വികസനവും, ക്ഷീര സംഘങ്ങളുടെ ശാക്തീകരണം, കാർഷിക മേഖലയിലെ പുരോഗതി, സഹകരണ മേഖലയിലുള്ള ടൂറിസം വികസനം, പട്ടികജാതി/പട്ടിക വർഗ്ഗങ്ങളുടെ ശാക്തീകരണവും തൊഴിൽ വികസനവും മത്സ്യസഹകരണ സംഘങ്ങളുടെ വികസന സാധ്യതകൾ, കൺസ്യൂമർ സഹകരണ സംഘങ്ങൾ, മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ എന്നിവ ശക്തിപ്പെടുത്തുക.

| | |
|---|---|
| | 14. കോൺഗ്രസ്സിൽ വിവിധ മേഖലയിലെ വിദഗ്ധരെ ഉൾപ്പെടുത്തി പ്രത്യേകം സെമിനാറുകൾ നടത്തുകയും വിവിധ പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെടുകയുമുണ്ടായി.<br>15. കേരള ബാങ്ക് രൂപീകരണത്തെക്കുറിച്ച് വിശദമായ ചർച്ചകൾ സംഘടിപ്പിക്കുകയും കേരള ബാങ്കിന്റെ പ്രാധാന്യം സഹകാരികളെ ബോധ്യപ്പെടുത്തുന്നതിനും സഹകരണ കോൺഗ്രസ്സ് സഹായകരമായി. |
| (ബി) സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ഭിന്നലിംഗ വിഭാഗത്തിൽപ്പെടുന്നവരുടെ ഉന്നമനം ലക്ഷ്യമാക്കി സഹകരണ കോൺഗ്രസ്സിൽ തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നുവോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) കൈക്കൊണ്ടിരുന്നു. ഭിന്നലിംഗ വിഭാഗത്തിന് സംസ്ഥാന അടിസ്ഥാനത്തിൽ പ്രത്യേക സഹകരണ സംഘം രൂപീകരിക്കുന്നതിന് തീരുമാനിച്ചു. |
| (സി) പ്രസ്തുത കോൺഗ്രസ്സിൽ എടുത്ത തീരുമാനങ്ങൾ നടപ്പിൽ വരുത്താനുള്ള പ്രവർത്തനങ്ങൾ ഏതു ഘട്ടംവരെയായിട്ടുണ്ട്; പുരോഗതി വ്യക്തമാക്കുമോ? | (സി) സഹകരണ കോൺഗ്രസ്സിൽ കൈക്കൊണ്ട തീരുമാനങ്ങൾ സർക്കാർ തലത്തിൽ തീരുമാനിച്ച് അന്തിമ ഉത്തരവായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**